LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങളുടെയും പാലങ്ങളുടെയും സ്ട്രക്ച്ചറൽ ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുന്നതിന് DRIQ-ന് അനുമതി

216 (1944) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ കെട്ടിടങ്ങളുടേയും പാലങ്ങളുടേയും സ്ട്രക്ചറൽ ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുന്നതിന് ഡ്രിക്ക് (DRIQ) ബോർഡിന് അനുമതി നൽകിയിട്ടുണ്ട് ;

(ബി) ഇതിനായി എത്ര സംഖ്യ നാളിതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി (റോഡ്സ്&ബ്രിഡ്ജസ്) നടത്തിയ വികസന പ്രവൃത്തികൾ

217 (1945) ശ്രീ. സി. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൽ നടത്തിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ പേരുവിവരങ്ങളും ഓരോ പ്രവൃത്തിയിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പി.ഡബ്ല്യു.ഡി (ബിൽഡിംഗ്സ്)വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികൾ

218 (1946) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികളുടെ പേരുവിവരങ്ങളും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ ?

† അനുബന്ധം - VI

ഉത്തരം

ഈ .സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്യു.ഡി (ബിൽഡിംഗ്സ്) വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികളുടെ പേരു വിവരങ്ങളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.†

പത്തനംതിട്ട പി.ഡബ്യു.ഡി. റോഡ്സ് സിവിഷൻ റോഡുകൾക്കുള്ള ഭരണാനുമതി

219 (1947) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്ഗ്രഡേഷൻ ഓഫ് ഒ.ഡി.ആർ. എന്ന പേരിൽ നിയോജക മണ്ഡലം തിരിച്ച് പത്തനംതിട്ട പി.ഡബ്ല്യു.ഡി. റോഡ്സ് ഡിവിഷൻ 2010 ഒക്ടോബർ-നവംബർകാലത്ത് എസ്റ്റിമേറ്റ് തുകയും റോഡുകളുടെ ലിസ്റ്റും സഹിതം സമർപ്പിച്ചിരുന്നോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര എണ്ണത്തിന് ഇതുവരെ ഭരണാനുമതി നൽകി ; നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പി.ഡബ്ല്യു.ഡി.യുടെ കൈവശമുണ്ടായിരുന്ന ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുള്ള ഈ റോഡുകൾക്ക് ഇനിയും ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ലിസ്റ്റിൽ ഇല്ലാത്ത റോഡുകൾക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ; ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ ;

(ഇ) ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളുടെ ഭരണാനുമതി നിർദ്ദേശം നിലനിൽക്കേ അതിൽപ്പെടാത്ത പി.ഡബ്ല്യു.ഡി.യുടേതല്ലാത്ത റോഡുകൾക്ക് ഭരണാനുമതി നൽകിയതെങ്ങനെ എന്ന് വ്യക്തമാക്കുമോ ; അതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി-ഇ) പി.ഡബ്യു.ഡി റോഡ്സ് സിവിഷൻ സമർപ്പിച്ച ഒ.ഡി.ആർ. ലിസ്റ്റിൽ ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ച് യുക്തമെന്ന് തോന്നിയ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. ഭരണാനുമതി ഉത്തരവ് നിയോജകമണ്ഡലഅടിസ്ഥാനത്തിലല്ല പുറപ്പെടുവിച്ചത്. മറിച്ച് റോഡുകളുടെ അവസ്ഥ പരിഗണിച്ചാണ് അനുമതി നൽകിയിട്ടുള്ളത്.

† അനുബന്ധം - VII

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[നക്ഷത്രചിഹ്നമിടാത്ത 218(1946)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ചെലവഴിച്ച തുക
(1)	(2)	(3)
1	ദ്വാരക സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണം	...
2	വെള്ളമുണ്ട യു.പു. സ്കൂൾ റീട്ടെയിനിംഗ് വാൾ നിർമ്മാണം	31,73,066
3	ഗവൺമെന്റ് എച്ച്.എസ്.എസ്. പനമരം (നോർത്ത് വയനാട്)	...
4	ഗവൺമെന്റ് എച്ച്.എസ്.എസ്. മാനന്തവാടി ലാബ് ബിൽഡിംഗ്	...
5	ഗവൺമെന്റ് കോളേജ് മാനന്തവാടി ലേഡീസ് ഹോസ്റ്റൽ നിർമ്മാണം	38,24,437
6	ഗവൺമെന്റ് കോളേജ് മാനന്തവാടി ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം	...
7	ഗവൺമെന്റ് കോളേജ് മാനന്തവാടി പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് നിർമ്മാണം	...
8	ഗവൺമെന്റ് കോളേജ് മാനന്തവാടി ഓഡിറ്റോറിയം നിർമ്മാണം	...
9	മാനന്തവാടി ടി.എച്ച്.എസ്. - പ്രധാന കെട്ടിട നിർമ്മാണം	...
10	മാനന്തവാടി ടി.എച്ച്.എസ്. - വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണം	...
11	മാനന്തവാടി ടി.എച്ച്.എസ്. - സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം	27,35,712
12	വയനാട് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് നിർമ്മാണം	...
13	വയനാട് എഞ്ചിനീയറിംഗ് കോളേജ് സ്റ്റേഡിയം നിർമ്മാണം	...
14	മാനന്തവാടി എഞ്ചിനീയറിംഗ് കോളേജ് വനിതാ ഹോസ്റ്റൽ നിർമ്മാണം	...

LIBRARY ARCHIVES Kerala Legislative Assembly